തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല
വാക്കാട്, മലപ്പുറം - 676 502
ഫോൺ : 0494 2631230

# വൈസ് ചാൻസലറുടെ നടപടിക്രമം

നമ്പർ: 198/2016/വിസി. തിയതി: തിരൂർ 27.02.2016

സംഗ്രഹം: തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല-ഭരണപരം- നിയമനം- സർവകലാശാലയിലെ അദ്ധ്യാപക തസ്തികകളിൽ നിയമനം നടത്തുമ്പോൾ സംവരണാവശ്യങ്ങൾക്കായി പിന്തുടരുന്ന കോഴ്സുകളുടെ മുൻഗണനാക്രമം സംബന്ധിച്ച് സ്പഷ്ടീകരണം നടത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 19.02.2016 ന് കൂടിയ 25-ാം നിർവാഹകസമിതി 8/25 തീരുമാനം

## ഉത്തരവ്

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയിൽ ആദ്യവർഷം(2013-14)അഞ്ചു കോഴ്സുകൾ ആരംഭിച്ചു. അവയിൽ സർക്കാർ അനുവദിച്ച അദ്ധ്യാപക തസ്തികകളിൽ അംഗീകൃത സ്റ്റാറ്റ്യൂട്ടിലെ വ്യവസ്ഥകൾ അനുസരിച്ച്, നിയമാനുസൃതമുള്ള സംവരണക്രമം പാലിച്ച് നിയമനം നടത്തുകയുണ്ടായി. തുടർന്ന് 2014-15 വർഷം രണ്ടും 2015-16 വർഷം മൂന്നും പുതിയ കോഴ്സുകൾ ആരംഭിക്കുകയുണ്ടായി. ഇപ്പോൾ നിലവിലുള്ള 10 കോഴ്സുകൾക്ക് ഏതാനും പുതിയ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചിരിക്കുന്നു.

2) ഈ പുതിയ തസ്തികകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഇപ്രകാരം നിയമനം നടക്കുമ്പോൾ സംവരണാവശ്യങ്ങൾക്കായി കോഴ്സുകൾ സ്ഥിരാടിസ്ഥാനത്തിൽ അനുക്രമമായി വിന്യസിക്കേണ്ടതുണ്ട്. കോഴ്സുകൾ ആരംഭിച്ച ക്രമം പാലിച്ച് കോഴ്സുകളുടെ മുൻഗണനാക്രമം നിശ്ചയിച്ച് താഴെപ്പറയും വിധം സ്പഷ്ടീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| കോഴ്സ് | | ഫാക്കൽറ്റി |
|---|---|---|
| 1) എം. എ ഭാഷാശാസ്ത്രം | - | ഭാഷാശാസ്ത്രം |
| 2) എം. എ സാഹിത്യപഠനം | - | സാഹിത്യം |
| 3) എം. എ സാഹിത്യരചന | - | സാഹിത്യം |
| 4) എം. എ സംസ്കാരപൈതൃകപഠനം | - | സംസ്കാരപൈതൃകം |
| 5) എം. എ ജർണലിസം & മാസ് കമ്മ്യൂണിക്കേഷൻ | - | മാധ്യമം |
| 6) പരിസ്ഥിതിപഠനം | - | സാമൂഹ്യശാസ്ത്രം |
| 7) തദ്ദേശവികസനപഠനം | - | സാമൂഹ്യശാസ്ത്രം |
| 8) ചരിത്രപഠനം | - | സംസ്കാരപൈതൃകം |
| 9) സോഷ്യോളജി | - | സാമൂഹ്യശാസ്ത്രം |
| 10) ചലച്ചിത്രപഠനം | - | മാധ്യമം |

3) നിയമന സംബന്ധമായ കാര്യങ്ങളിലും സംവരണ സംബന്ധിയായ സംഗതികളിലും ഈ മുൻഗണനാക്രമം ഇതേപടി പാലിക്കേണ്ടതാണ്. പുതിയ കോഴ്സുകൾ ആരംഭിക്കുന്ന അവസരത്തിൽ അവ മുൻഗണനാക്രമത്തിൽ ഇതിന് താഴേക്ക് കൂട്ടി ചേർക്കുന്നതാണ്.

കെ. ജയകുമാർ
വൈസ് ചാൻസലർ